സർക്കാർ സ്കൂളുകളിലെ സ്പോർട്ട്സിന്റെ ഉന്നതിക്കായി നടപടി

121 [3864] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ സ്പോർട്ട്സിന്റെ ഉന്നതിക്കായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

സർക്കാർ സ്കൂളുകളിൽ സ്പോർട്ട്സിന്റെ ഉന്നമനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കളിസ്ഥലം നിർമ്മിക്കുന്നതിന് സ്കൂളുകൾക്ക് മൂന്നു ലക്ഷം രൂപ വരെ ധനസഹായം നൽകാനുള്ള പദ്ധതി കേരളാ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ നിലവിലുണ്ട്. കൂടാതെ സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ വെളിച്ചത്തിൽ അത്യാവശ്യ കായിക ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട 78 സ്കൂളുകളിലെ 5-ാം ക്ലാസിൽ പഠിക്കുന്ന 15 കുട്ടികളെ വീതം കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുത്ത് ആഴ്ചയിൽ 5 ദിവസത്തെ കായിക പരിശീലനം നൽകുന്ന "ഓപ്പറേഷൻ ഗോൾഡ്" എന്ന പദ്ധതിയും കൗൺസിൽ നടപ്പാക്കി വരുന്നു.

കേന്ദ്ര സ്പോർട്ട്സ് മന്ത്രാലയത്തിന്റെ സഹായത്തോടെയുള്ള സ്റ്റേഡിയം നിർമ്മാണം

122 [3865] ശ്രീ. ഷിബു ബേബിജോൺ:

" ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സ്പോർട്ട്സ് മന്ത്രാലയത്തിന്റെ സഹായത്തോടെ പുതുതായി എത്ര സ്റ്റേഡിയങ്ങൾ നിർമ്മിക്കുവാനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിനായി ആകെ ലഭിക്കാവുന്ന കേന്ദ്രസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19 സ്റ്റേഡിയങ്ങൾ

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഏകദേശം 7.87 കോടി (ഏഴു കോടി എൺപത്തിയേഴു ലക്ഷം) രൂപയാണ് ആകെ ലഭിക്കാവുന്ന കേന്ദ്രസഹായം.

† അനുബന്ധം XI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 122 (3865)-ന്റെ ഉത്തരം ദയവായി കാണുക.]

I.	വയനാട് ജില്ല		നാല് പദ്ധതികൾ
(1)	ജില്ലാതല സ്പോർട്സ് കോംപ്ലക്സ്	..	മീനങ്ങാടി ഗ്രാമപഞ്ചായത്ത്
(2)	ഇൻഡോർ സ്റ്റേഡിയം	..	കൽപ്പറ്റ മുനിസിപ്പാലിറ്റി
(3)	ഇൻഡോർ സ്റ്റേഡിയം	..	ഡയാന സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബ്, മാനന്തവാടി
(4)	കളിസ്ഥലം	..	ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മാനന്തവാടി
II.	കോഴിക്കോട് ജില്ല		നാല് പദ്ധതികൾ
(1)	ഇൻഡോർ സ്റ്റേഡിയം	..	വടകര മുനിസിപ്പാലിറ്റി
(2)	ഫുട്ബോൾ കോർട്ട്	..	ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത്
(3)	ബാസ്കറ്റ്ബോൾ കോർട്ട്	..	ചക്കിട്ടപാറ
(4)	വോളീബോൾ കോർട്ട്	..	നടുവന്നൂർ ഉദയം കലാ-കായിക വേദി
III.	ആലപ്പുഴ ജില്ല		ഒരു പദ്ധതി
	ഇൻഡോർ സ്റ്റേഡിയം	..	കനിയാംകുളം
IV.	കണ്ണൂർ ജില്ല		രണ്ട് പദ്ധതികൾ
(1)	സ്റ്റേഡിയവും സ്പോർട്സ് ഹോസ്റ്റലും	..	കോണാർ വയൽ, തലശ്ശേരി
(2)	ഔട്ട് ഡോർ സ്റ്റേഡിയം	..	അടയ്ക്കാത്തോട് ഗവൺമെന്റ് യു. പി. എസ്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI—(തുടർച്ച)

V.	കാസർഗോഡ് ജില്ല		രണ്ട് പദ്ധതികൾ
	(1) ഔട്ട് ഡോർ സ്റ്റേഡിയം	..	നടക്കാവ്, തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്
	(2) ഔട്ട് ഡോർ സ്റ്റേഡിയം	..	പീലിക്കാട് ഗ്രാമപഞ്ചായത്ത്
VI.	തൃശ്ശൂർ ജില്ല		ഒരു പദ്ധതി
	ഇൻഡോർ സ്റ്റേഡിയം	..	റ്റി. എസ്. ജി. എ. തൃപ്രയാർ
VII.	കോട്ടയം ജില്ല		ഒരു പദ്ധതി
	വാട്ടർ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ (നീന്തൽകുളം ഒഴികെ)	..	വെള്ളൂർ ഗ്രാമപഞ്ചായത്ത്
VIII.	കൊല്ലം ജില്ല		ഒരു പദ്ധതി
	ഇൻഡോർ സ്റ്റേഡിയം	..	പുനലൂർ മുനിസിപ്പാലിറ്റി
IX.	തിരുവനന്തപുരം ജില്ല		രണ്ട് പദ്ധതികൾ
	(1) ഇൻഡോർ സ്റ്റേഡിയം	..	നെടുമങ്ങാട് മുനിസിപ്പാലിറ്റി
	(2) ഇൻഡോർ സ്റ്റേഡിയം	..	നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി
X.	ഇടുക്കി ജില്ല		ഒരു പദ്ധതി
	ഔട്ട്ഡോർ സ്റ്റേഡിയം	..	കട്ടപ്പന ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly